**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2345** 08/05/2017 -ൽ മറുപടിയ്ക്ക്

**ശ്രദ്ധ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>,, പുരുഷൻ കടലുണ്ടി<br>,, എസ്.രാജേന്ദ്രൻ<br>,, ഡി.കെ. മുരളി : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിവിധ കാരണങ്ങളാൽ പഠനത്തിൽ മികവു പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ശ്രദ്ധ എന്ന പേരിൽ പദ്ധതി ആവിഷ്ക്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. സമൂഹത്തിലെ സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നും വരുന്ന ധാരാളം വിദ്യാർത്ഥികൾ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. ഇവരുടെ ഉന്നമനത്തിനായി നിരവധി കാര്യങ്ങൾ വകുപ്പ് നടത്തിവരുന്നുണ്ട്. എന്നാലും സമൂഹത്തിലെ ഒരു വിഭാഗം കുട്ടികൾക്ക് ഇപ്പോഴും അവർ ആഗ്രഹിക്കുന്ന രീതിയിൽ അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. സാമൂഹികവും സാമ്പത്തികവും മന:ശാസ്ത്രപരവുമായ കാര്യങ്ങളാണ് ഇത്തരം കുട്ടികളുടെ കഴിവുകളെ മുൻനിരയിൽ എത്തിക്കുന്നതിന് തടസ്സമായി നിൽക്കുന്നതെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ അത്തരം വിദ്യാർത്ഥികളെ മുൻനിരയിലേക്ക് എത്തിക്കുന്നതിനായി രൂപീകരിക്കുന്ന ഒരു പദ്ധതിയാണിത്. |
| ബി) ഏതെല്ലാം വിഭാഗത്തിലുള്ള കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് എന്നും ഇതിനായുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശ്രദ്ധ എന്ന പദ്ധതിയിൽ എസ് സി/എസ് റ്റി, അനാഥർ, അവഗണിക്കപ്പെട്ട കുട്ടികൾ, വേർപിരിഞ്ഞ രക്ഷിതാക്കളുടെ കുട്ടികൾ തുടങ്ങിയ മേഖലകളിലെ 5,6,7 എന്നീ ക്ലാസ്സുകളിലെ കുട്ടികളെ ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിട്ടുന്നത്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി പ്രകാരം ക്ലാസ്സുകൾ നടത്തുന്ന അധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) | സ്വീകരിക്കുന്നതാണ്. |
| (ഡി) | ഈ വിഭാഗത്തിലുള്ള കൂടുതൽ വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭിക്കത്തക്കവിധം പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിയ്ക്കുമോ? | (ഡി) | 2017-18 വർഷം മുഴുവൻ ഗവൺമെന്റ് യു പി സ്കൂളുകളിലും പദ്ധതി നടപ്പാക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ